(എ) മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തൊക്കെ വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകിക്കൊണ്ടിരുന്നതെന്നും മിശ്ര വിവാഹിതരായവരുടെ മക്കൾക്ക് ഇവയിൽ ഏതൊക്കെ ആനുകൂല്യങ്ങളാണ് നിഷേധിച്ചതെന്നും അറിയിക്കാമോ;

(സി) ഇങ്ങനെ ആനുകൂല്യങ്ങൾ നിഷേധിക്കുവാൻ കാരണമെന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സിനും പ്രത്യേകം സീറ്റുസംവരണവും, ഫീസ് സൗജന്യം, ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ സൗകര്യം തുടങ്ങിയ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. 20-6-2005-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നമ്പർ (കൈയെഴുത്ത്) 25/2005/പ.ജ.പ.വ.വി.വ. പ്രകാരം മിശ്രവിവാഹത്തിൽ ജനിക്കുന്ന കുട്ടികളുടെ മാതാവ് പട്ടികജാതി/പട്ടികവർഗ്ഗം ആണെങ്കിൽ ആ കുട്ടികൾക്ക് സംവരണം ഒഴികെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദനീയമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കും.

(സി) 2003-ലെ 659-ാം നമ്പർ സിവിൽ അപ്പീലിൻമേലുള്ള ബഹു. സുപ്രീംകോടതിയുടെ വിധിന്യായത്തിൽ ഹിന്ദുക്കളുടെ പാരമ്പര്യ നിയമപ്രകാരം പിതാവിന്റെ ജാതിയാണ് മക്കൾക്ക് ലഭിക്കുകയെന്ന് ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 20-6-2005-ലെ 25/2005/പ.ജ.പ.വ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

മിശ്രവിവാഹിതരുടെ മക്കളുടെ ജാതി നിർണ്ണയം

92 [1436] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിത ദമ്പതികളുടെ ജാതി നിർണ്ണയം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ച സാഹചര്യമെന്താണെന്ന് വിശദീകരിക്കാമോ;

(സി) മിശ്രവിവാഹിതരായ ദമ്പതികളുടെ മക്കളുടെ ജാതി നിർണ്ണയിക്കുമ്പോൾ പിതാവിന്റെ ജാതിയാണ് കണക്കിലെടുക്കേണ്ടതെന്ന് നിഷ്കർഷിക്കുന്ന സർക്കാർ ഉത്തരവ് പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട അമ്മമാരിൽ ജനിക്കുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

വളരെയേറെ വിഷമതകൾ സൃഷ്ടിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ ഇക്കാര്യത്തിൽ എന്ത് ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ ദോഷകരമായ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) 20-6-2005-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നമ്പർ (കൈയെഴുത്ത്) 25/2005/പ.ജ.പ.വ.വി.വ..-യുടെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്. †

(ബി) ബഹു. സുപ്രീംകോടതിയുടെ 659/2003-ാം നമ്പർ സിവിൽ അപ്പീലിൻമേലുള്ള വിധിന്യായത്തിൽ ഹൈന്ദവപാരമ്പര്യ നിയമം അനുസരിച്ച് കുട്ടികൾക്ക് പിതാവിന്റെ ജാതിയാണ് അവകാശപ്പെടാനാവുകയെന്ന് വിധിക്കുകയുണ്ടായി. മിശ്രവിവാഹിതരിൽ ഒരാൾ പട്ടികവിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ കുട്ടികളെ പട്ടികവിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കാമെന്ന 25-1-1977-ലെ സർക്കാർ ഉത്തരവ് ഇതോടെ അപ്രസക്തമായി. ഈ സാഹചര്യത്തിലാണ് ഭരണഘടനാപരമായി സാധ്യതയില്ലാത്ത 1977-ലെ ഉത്തരവ് പിൻവലിക്കുകയും ജാതി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ കൂടുതൽ വ്യക്തത നൽകിക്കൊണ്ട് 20-6-2005-ലെ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത്.

(സി) സുപ്രീംകോടതി വിധിപ്രകാരം പട്ടികവിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിത അമ്മമാരുടെ കുട്ടികളെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കാൻ നിർവാഹമില്ല. എന്നാൽ പട്ടികവിഭാഗത്തിനർഹമായ സംവരണം ഒഴികെയുള്ള വിദ്യാഭ്യാസ-സാമ്പത്തിക ആനുകൂല്യം തുടർന്നും ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

(ഡി) 20-6-2005-ലെ ഉത്തരവിലൂടെ ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് നടപ്പാക്കുക മാത്രമാണ് സർക്കാർ ചെയ്തിട്ടുള്ളത്. യഥാർത്ഥ പട്ടികവിഭാഗക്കാരെ സംബന്ധിച്ചിടത്തോളം ഈ ഉത്തരവ് ദോഷകരമല്ല.

കുന്ദമംഗലത്തെ നിലപാടുതറ

93 [1438] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തെ പട്ടികജാതിക്കാരുടെ തർക്കങ്ങൾ പറഞ്ഞു തീർക്കുന്നതിനും മറ്റു കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനും ബ്രിട്ടീഷ് ഭരണകാലത്ത് നിലപാടുതറ സജീവമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലപാടുതറ എന്നു മുതൽക്കാണ് പ്രവർത്തനരഹിതമായത് എന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly